LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേന്ദ്രാവിഷ്കൃത പദ്ധതികളായ അന്നപൂരക പോഷകാഹാര പദ്ധതി, കിഷോരി ശക്തിയോജന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി താഴെപ്പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

വർഷം	അന്നപൂരക പോഷകാഹാര പദ്ധതി	കിഷോരി ശക്തിയോജന പദ്ധതി
2011-12	36,93,757	2,16,586
2012-13	48,51,099	2,16,586
2013-14	27,41,892	2,16,586
2014-15	26,61,115	2,15,602

മിശ്രവിവാഹിതർക്ക് ആനുകൂല്യങ്ങൾ

260 (3467) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിശ്രവിവാഹിതർക്ക് അനുവദിച്ചിട്ടുള്ള സാമ്പത്തിക- സാമൂഹ്യക്ഷേമ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത ആനുകൂല്യങ്ങൾക്കായി ഓരോ ബഡ്ജറ്റിലും നീക്കിവച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്ക് ലഭ്യമാക്കുമോ ;

(ബി) മിശ്രവിവാഹിതരായ സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാരായ ദമ്പതികൾക്ക് ഒരേ സ്റ്റേഷനിൽ തന്നെ ജോലി ലഭ്യമാക്കി നൽകണമെന്ന ഉത്തരവ് പാലിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വിഭാഗക്കാർക്ക് സർക്കാർ- അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി സുരക്ഷിതത്വം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ ഉത്തരവ് സഹിതം വിശദമാക്കുമോ ;

(ഡി) പ്രസ്തുത വിഭാഗക്കാർക്ക് ജോലി സംവരണം ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പുവഴി വിവാഹ ധനസഹായമായി 30,000 രൂപ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയുന്നു:

ക്രമ നമ്പർ	വർഷം	ബഡ്ജറ്റിൽ വകയിരുത്തിയ തുക	ചെലവഴിച്ച തുക
1	2011-12	5,39,000	4,30,000
2	2012-13	5,39,000	5,10,000
3	2013-14	5,85,000	5,55,000
4	2014-15	6,43,000	6,20,000
5	2015-16	6,76,000	ചെലവഴിച്ചിട്ടില്ല

(ബി-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സ്ത്രീ-സമത്വ ശാക്തീകരണനയം

261 (3468) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ-സമത്വ ശാക്തീകരണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നയം നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സമൂഹത്തിൽ ലിംഗസമത്വവും സ്ത്രീശാക്തീകരണവും ഉറപ്പാക്കുന്നതിനും അവ ശാശ്വതവൽക്കരിക്കുന്നതിനും ആവശ്യമായ മാർഗ്ഗരേഖയാണ് സ്ത്രീ-സമത്വ ശാക്തീകരണനയം. വനിതകളുടെ ശാക്തീകരണം ഉറപ്പാക്കുന്നതോടൊപ്പം സമൂഹത്തിൽ പുരുഷന്മാരുടെ ഉന്നമനവും പ്രസ്തുത നയം വിഭാവന ചെയ്യുന്നുണ്ട്.